അദ്ധ്യായം **24**

# മരുന്ന് പെട്ടി



**അത്യാവശ്യത്തിനുള്ള മരുന്നുകളെല്ലാം എല്ലാ വീടുകളിലും എല്ലാ ഗ്രാമങ്ങളിലും ഉണ്ടായിരിക്കണം.**

- കുടുംബത്തിൽ ഒരു മരുന്നുപെട്ടി വേണം (പേജ് 401). പ്രാഥമിക ശുശ്രൂഷകൾക്കും, ചെറിയ അണുബാധകൾ, സർവ്വസാധാരണയായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്കും വേണ്ട മരുന്നുകളെല്ലാം അതിൽ കരുതണം.
- ഗ്രാമത്തിൽ കൂടുതൽ മരുന്നുകളുള്ള ഗ്രാമ മരുന്ന് പെട്ടി ഉണ്ടായിരിക്കണം. (പേജ് 403) അനുദിനമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായും ഗൗരവമായ രോഗങ്ങൾക്കും അത്യാഹിതങ്ങൾ നേരിടുവാനും വേണ്ട മരുന്നുകൾ കരുതിയിരിക്കണം. ഉത്തരവാദിത്തമുള്ള ഒരാളായിരിക്കണം അത് കൈകാര്യം ചെയ്യുന്നത്. ആരോഗ്യപ്രവർത്തകൻ, അദ്ധ്യാപകൻ, മാതാപിതാക്കൾ, എന്നിങ്ങനെ സമൂഹത്തിൽ വിശ്വാസ്യതയുള്ള വ്യക്തിയായിരിക്കണം അത്. സാധിക്കുമെങ്കിൽ ഗ്രാമത്തിലുള്ള എല്ലാവരും സഹകരിച്ചായിരിക്കണം മരുന്നുപെട്ടി സജ്ജീകരിക്കുന്നതും അതിന്റെ ചെലവ് വഹിക്കുന്നതും. കൂടുതൽ ചെലവുചെയ്യാൻ കഴിയുന്നവർ കൂടുതൽ പണം കൊടുക്കണം; പണം കൊടുക്കാൻ കഴിയുന്നവർക്കും അതിനു കഴിവില്ലാത്തവർക്കും അത് പ്രയോജനം ചെയ്യട്ടെ.

മരുന്നുപെട്ടിയിൽ എന്തെല്ലാം ഉണ്ടായിരിക്കണമെന്ന് തുടർന്നുള്ള പേജുകളിൽ പറയുന്നു. നിങ്ങളുടെ സ്ഥലത്തെ ആവശ്യങ്ങൾക്കനുസൃതമായി ഇതിൽ വേണ്ട വ്യത്യാസങ്ങൾ വരുത്തുക. ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആധുനിക മരുന്നുകളാണെങ്കിലും സുരക്ഷിതമെന്ന് അറിയാവുന്ന നാടൻ മരുന്നുകളും ഉൾപ്പെടുത്താവുന്നതാണ്.

## ഓരോ മരുന്നും എത്രമാത്രമാണ് കരുതേണ്ടത്?

എത്രയും കുറച്ച് മാത്രമേ വാങ്ങി സൂക്ഷിക്കേണ്ടതുള്ളൂ. ചില കേസുകളിൽ ചികിത്സ ആരംഭിക്കുവാൻ മാത്രം ആവശ്യമുള്ളതു മതി. ഒന്നുകിൽ രോഗിയെ ഉടനെ ആശുപത്രിയിലെത്തിക്കേണ്ടതായിരിക്കും; അല്ലെങ്കിൽ കൂടുതൽ മരുന്നു വാങ്ങാൻ ഉടനെ പോയാൽ മതി.

എത്രപേർക്കുള്ള സേവനമാണുദ്ദേശിക്കുന്നത് എന്നുള്ളതിനെ ആശ്രയിച്ചാണ് മരുന്നിന്റെ അളവ് നിശ്ചയിക്കുക; മരുന്ന് തീർന്നുകഴിയുമ്പോൾ വീണ്ടും വാങ്ങുവാൻ എത്രദൂരം പോകണം എന്നുള്ളതും പരിഗണിക്കേണ്ടതാണ്. ചെലവ് കുടുംബങ്ങൾക്കും ഗ്രാമത്തിനും താങ്ങാനാവുന്നത് ആയിരിക്കണം. ചില മരുന്നുകൾ വില കൂടിയവയായിരിക്കും; എന്നാലും പ്രധാനപ്പെട്ട മരുന്നുകൾ അത്യാഹിതങ്ങൾ നേരിടുവാൻ കരുതുന്നത് ബുദ്ധിയാണ്.

*കുറിപ്പ്:* **പ്രസവത്തിനുള്ള മരുന്നുപെട്ടി.** സൂതികർമ്മിണികളും ഗർഭിണികളും കരുതിവയ്ക്കേണ്ടവ 254, 255 പേജുകളിൽ കൊടുത്തിട്ടുണ്ട്.

## മരുന്നുപെട്ടി സൂക്ഷിക്കേണ്ട വിധം

1. **മുന്നറിയിപ്പ്: എല്ലാമരുന്നുകളും കുട്ടികൾക്ക് എടുക്കുവാൻ സാധിക്കാത്ത വിധത്തിലാണു സൂക്ഷിക്കേണ്ടത്.** ഏത് മരുന്നും കൂടുതൽ കഴിച്ചാൽ വിഷമാണ്.
2. **ഓരോ മരുന്നിന്റെയും പേര് വ്യക്തമായി എഴുതി അതിനോടൊപ്പം വച്ചിരിക്കണം. ഉപയോഗിക്കേണ്ട വിധവും ശരിക്ക് എഴുതിയിരിക്കണം.** ഇവ അടങ്ങിയ ഒരു ബുക്ക് പെട്ടിയോടൊപ്പം വേണം.
3. **എല്ലാ മരുന്നുകളും സാധനങ്ങളും വൃത്തിയുള്ള ഈർപ്പമില്ലാത്ത ഒരു മുറിയിൽ സൂക്ഷിക്കണം. പല്ലി, പാറ്റ, എലി, ഇവയുടെ ശല്യം ഉണ്ടാകരുത്.** ഉപകരണങ്ങൾ, ഗോസ്, പഞ്ഞി മുതലായവ വായു കടക്കാതെ പൊതിഞ്ഞ് ഒട്ടിച്ച് സൂക്ഷിക്കുക.
4. **ഓരോ മരുന്നിന്റെയും കാലാവധി തീരുന്ന സമയം പ്രത്യേകം അതാതിന്മേൽ കുറിച്ചു വയ്ക്കണം.** തീയതി കഴിയുമ്പോൾ അത് നശിപ്പിച്ച് പുതിയതു വാങ്ങി സൂക്ഷിക്കണം.

*കുറിപ്പ്:* ചില മരുന്നുകൾ അപകടകാരിയാണ്.

**കുട്ടികൾക്ക് എടുക്കുവാൻ കഴിയാത്ത**
**വിധത്തിൽ മരുന്നുകൾ സൂക്ഷിക്കുക**



## മരുന്നുപെട്ടിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനെക്കുറിച്ച്

മരുന്നു വാങ്ങുമ്പോൾ ബിൽ ഉണ്ടായിരിക്കണം. മരുന്നിന്റെ പേരും, ബാച്ചുനമ്പരും കാലാവധി തീരുന്ന സമയവും വിലയും നോക്കണം.






## വീട്ടിലേക്ക് ഒരു മരുന്നുപെട്ടി

ഓരോ കുടുംബത്തിനും മരുന്നുപെട്ടിയിൽ താഴെപ്പറയുന്നവ ഉണ്ടായിരിക്കണം. ഇവ പല ഗ്രാമപ്രദേശങ്ങളിലെയും പൊതുവായ പ്രശ്നങ്ങൾക്ക് മതിയായ പ്രതിവിധിയായിരിക്കും.

**ഉപകാരപ്രദമായ നാടൻ മരുന്നുകളും ഈ പെട്ടിയിൽ കരുതിവയ്ക്കാം.**

| ഉപയോഗം | ആവശ്യമായ സാധനങ്ങൾ, മരുന്നുകൾ | അളവ് |
|---|---|---|
| മുറിവുകൾ, ത്വക്ക് രോഗങ്ങൾ | അണുവിമുക്തമായ ഗോസ് പാഡുകൾ സീൽ ചെയ്ത കൂടുകളിൽ | 20 എണ്ണം 1,2,3 ഇഞ്ചുകളുടെ ഗോസ് ബാൻഡേജ് റോൾ 2 വീതം |
| | വൃത്തിയുള്ള പഞ്ഞി | 1 ചെറിയ പാക്കേജ് |
| | ഒട്ടിക്കുന്ന ടേപ്പ്, ഒട്ടിക്കുന്ന പ്ലാസ്റ്റർ | 1 ഇഞ്ച് വീതിയുള്ള 2 റോൾ |
| | സോപ്പ് - അണുനാശിനി സോപ്പ് | (ഡെറ്റോൾ/വേപ്പ്) 1 ബാർ 1/ചെറിയ കുപ്പി |
| | 70% ആൽക്കഹോൾ | 1/4 ലിറ്റർ |
| | ആന്റിസെപ്റ്റിക് ലോഷൻ | ഡെറ്റോൾ, സാവ്ലോൺ 1 ചെറിയ കുപ്പി |
| | പെട്രോളിയം ജല്ലി (വാസ്‌ലൈൻ) ഒരു ഭരണിയിലോ ട്യൂബിലോ | 1 എണ്ണം |
| | വെളുത്ത വിനാഗിരി | 1/2 ലിറ്റർ |
| | സൽഫർ | 100 ഗ്രാം |
| | വൃത്തിയുള്ള കത്രികകൾ, (തുരുമ്പു പിടിക്കാത്തവ) | 1 ജോടി |
| | ട്രീസേഴ്സ്, കൂർത്ത അറ്റമുള്ളത് | 1 ജോടി |
| ചൂട് അളക്കുന്നതിന് | തെർമൊ മീറ്ററുകൾ വായിൽ വയ്ക്കുന്നവ മലദ്വാരത്തിൽ വയ്ക്കുന്നവ | ഒന്നുവീതം |
| സാധനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് പ്ലാസ്റ്റിക്ക് സഞ്ചികൾ | | കുറെയെണ്ണം |

# മരുന്നുകൾ

| ഉപയോഗം | മരുന്നിൻെറ പേര് | ലോക്കൽബ്രാൻറിൻെറ പേര് | വില | ആവശ്യമായ അളവ് |
|---|---|---|---|---|
| **ബാക്ടീരിയോ മൂലമുള്ള അണുബാധകൾക്ക്** | | | | |
| | 1. പെൻസിലിൻ 250 മില്ലിഗ്രാം ഗുളിക | ____________ ____________ | 40 | |
| | 2. സൽഫണാമൈഡ് 500 ഗ്രാം ഗുളിക | ____________ | ____________ | 100 |
| | 3. ആമ്പിസിലിൻ 250 മില്ലി.ഗ്രാം ക്യാപ്സ്യൂൾ | ____________ | ____________ | 24 എണ്ണം |
| **വിരകൾക്ക്** | 4. പിപ്പരാസിൻ ഗുളിക സിറപ്പ് | ____________ | ____________ | 40 ഗുളിക (2 കുപ്പി) |
| **പനിക്കും ദേഹം വേദനയ്ക്കും** | 5. പാരസെറ്റമോൾ 500 മില്ലി.ഗ്രാംഗുളിക | ____________ | ____________ | 10 എണ്ണം |
| **അനീമിയയ്ക്ക്** | 6. ഇരുമ്പ് (ഫെറസ് സൾഫേററ്) 200 മില്ലി ഗ്രാം ഗുളിക, (വൈററമിൻ സിയും ഫോളിക് ആസിഡും ഉണ്ടെങ്കിൽ ഏററവും നന്ന്) | | | 100 എണ്ണം |
| **നിർജ്ജലീകരണത്തിന്** | 7. □□□ (□□□ ഫോർമുല) | | | 1/2 കിലോ |
| **ചൊറിയും പേനും** | 8. ലിൻഡെയ്ൻ (ഗാമാ ബെൻസീൻ ഹെക്സാക്ലോറൈഡ്/ഗന്ധകപ്പൊടി) | | | 1 കുപ്പി / 20 ഗ്രാം |
| **ചൊറിച്ചിലും ഛർദ്ദിയും** | 9. ഡോംസ്ററാൽ (Domperidom) | | | 10 എണ്ണം |
| **ത്വക്കിന് ചെറിയ അണുബാധ** | 10. ജൻഷിയൻ വൈലററ് (ചെറിയ കുപ്പി) | | | 1 കുപ്പി |
| | ഓയിൻമെൻറ് സോഫ്രാമൈസിൻ | | | 1 ട്യൂബ് |
| **കണ്ണിന് അണുബാധ** | 11. ആൻറിബയോട്ടിക് ഐ ഓയിൻറ്മെൻറ് | | | 1 ട്യൂബ് |



# ഗ്രാമത്തിലെ മരുന്നുപെട്ടി

ഇതിൽ ഒരു വീട്ടിലേക്കു പറഞ്ഞിരിക്കുന്ന എല്ലാ മരുന്നുകളും ഉണ്ടായിരിക്കണം; എന്നാൽ കൂടുതൽ വാങ്ങണം. കൂടാതെ താഴെ കൊടുത്തിരിക്കുന്നവയും ഉൾപ്പെടുത്തിയിരിക്കണം.

## കൂടുതൽ സാധനങ്ങൾ

| ഉപയോഗം | സാധനത്തിൻെറ പേര് | വില | അളവ് |
|---|---|---|---|
| കുത്തിവയ്പ്പിന് | സിറിഞ്ച് 5 ml | | 2 |
| | സൂചി 22.3 സെ.മി. നീളം | ______ | 3 □ 6 |
| | 1/5 സെ.മീ. നീളം | ______ | 2 □ 4 |
| മൂത്രം പോകുവാൻ ബുദ്ധിമുട്ട് | കത്തീററർ (റബർ അല്ലെങ്കിൽ പ്ളാസ്ററിക്) | ______ | 2 |
| ചതവിനും നീരുവച്ച രക്തക്കുഴലുകൾക്കും | ഇലാസ്റ്റിക് ബാൻഡേജുകൾ, 2 ഉം 3 ഉം ഇഞ്ച് വീതിയുള്ളവ | ______ | 3 □ 6 |
| കഫം വലിച്ചെടുക്കുന്നതിന് | സക്ഷൻ ബൾബ് | ______ | 1 □ 2 |
| ചെവിയുടെ ഉൾഭാഗം കാണുന്നതിന് | പെൻലൈററ് (ചെറിയ ഫ്ളാഷ് ലൈററ്) | ______ | 1 |

## കൂടുതൽ മരുന്നുകൾ

| ഉപയോഗം | ആവശ്യമായ മരുന്നുകൾ | ബ്രാൻറിൻെറ പേര് | വില | അളവ് |
|---|---|---|---|---|
| **കൂടിയ അണുബാധ** | 1. പെൻസിലിൻ - കുത്തിവെയ്ക്കാവുന്നത് ഒന്നേ ഉള്ളുവെങ്കിൽ പ്രൊക്കെയ്ൻ പെനിസിലിൻ 600,000 Unit per ml. | ____________ | ______ | 20 □ 40 |
| | 2. ആമ്പിസിലിൻ ഇൻജക്ഷൻ 250mg ആംപ്യൂൾസ് + or സ്ട്രെപ്റ്റോമയ്സിൻ | ____________ | ______ | 20 □ 40 |
| | 1gm വയൽ പെൻസിലിനും കൂടെ (ആമ്പിസിലിൻ വളരെ വിലകൂടുതലാണെങ്കിൽ) | ____________ | ______ | 20 □ 40 |
| | 3. ടെട്രാസൈക്ലിൻ ക്യാപ്സൂൾ/ ഗുളിക 250mg | ____________ | ______ | 40 □ 80 |
| അമീബാ / ജിയാർഡിയാ അണു ബാധ | 4. മെട്രോണിഡാസോൾ 250mg ഗുളിക | ____________ | ______ | 40 □ 80 |
| **ജന്നി, ടെററനസ്, വില്ലൻചുമ** | 5. ഫിനാബാർബിററാൾ, 15. മില്ലിഗ്രാം ഗുളികയും | ____________ | ______ | 40 □ 80 |
| | 200 മില്ലിഗ്രാം കുത്തിവയ്പ്പും | ____________ | ______ | 15 □ 30 |
| **അലർജിയ്ക്കും കടുത്ത ആസ്ത്മയ്ക്കും** | 6. അവിൽഗുളിക 25 മില്ലിഗ്രാം | ____________ | ______ | 5 □ 10 |

| ഉപയോഗം | മരുന്ന് | ബ്രാൻറിൻെറ പേര് | വില | അളവ് |
|---|---|---|---|---|
| ആസ്ത്മ | 7. എഫെഡ്രൈൻ 15 മില്ലിഗ്രാം ഗുളിക | ______ | ______ | 20 □ 100 |
| പ്രസവശേഷം ശക്തിയായ രക്തസ്രാവം | 8. എർഗൊനോവീൻ 0.2 മില്ലിഗ്രാം ഇൻജക്ഷൻ | ______ | ______ | 6 □ 12 |

**പല സ്ഥലങ്ങളിലും ആവശ്യമുള്ള എന്നാൽ എല്ലാസ്ഥലങ്ങളിലും ആവശ്യമില്ലാത്ത മറ്റു മരുന്നുകൾ**

| ഉപയോഗം | മരുന്ന് | ബ്രാൻറിൻെറ പേര് | വില | അളവ് |
|---|---|---|---|---|
| **വരണ്ടകണ്ണുകൾ അഥവാ സെറോഫ്താൽമിയ** | വൈറമിൻ A 200, 000 U ക്യാപ്സ്യൂൾസ് | ______ | ______ | 10 □ 100 |
| **ടെററനസ് പ്രശ്നം** | ടെററനസ് ആൻറി ടോക്സിൻ 500,000 യൂണിററ് (ലിയോഫിലയ്സ്ഡ് (കഴിയുമെങ്കിൽ) | ______ | ______ | 2 □ 4 കുപ്പി |
| **ടൈഫോയിഡ് ഒരു പ്രശ്നം** | ക്ളോറോംഫിനിക്കോൾ-250 മില്ലിഗ്രാം കാപ്സ്യൂൾ | ______ | ______ | 50 □ 200 |
| **കൊക്കോപ്പുഴു ഒരു പ്രശ്നം** | പ്രത്യേക ആൻറിവെനിൻ | ______ | ______ | 2 □ 6 |
| **മലേറിയായുടെ പ്രശ്നം** | ക്ലോറോക്വിൻ ഗുളിക (150 മില്ലിഗ്രാം ബയ്സിൻെറ) | ______ | ______ | 50 □ 200 |
| | നിങ്ങളുടെ നാട്ടിൽ മലേറിയായ്ക്ക് ഏററം പററിയ മരുന്ന് | ______ | ______ | |
| **തൂക്കം കുറവുള്ള കുഞ്ഞുങ്ങളിൽ രക്തസ്രാവം തടയുന്നതിന്** | വിറ്റാമിൻ k ഇൻജെക്ഷൻ 1 mg | ______ | ______ | 3 □ 6 |

**ദീർഘകാല രോഗങ്ങൾക്ക് മരുന്നുകൾ**

ക്ഷയം, കുഷ്ഠം, ഷിസ്റ്റൊസൊമിയാസിസ് തുടങ്ങിയ ദീർഘകാല രോഗങ്ങൾക്കുള്ള പ്രതിവിധികൾ ഗ്രാമത്തിലെ മരുന്നു പെട്ടിയിൽ കരുതുക എന്നത് ബുദ്ധിയോ ബുദ്ധിഹീനതയോ ആകാം. ഒരു വ്യക്തിക്ക് പറയുന്ന രോഗം ഉണ്ടോ എന്നറിയുന്നതിന് പലപ്പോഴും ആരോഗ്യകേന്ദ്രത്തിൽ പല ടെസ്റ്റുകളും ചെയ്യേണ്ടതുണ്ട്. അവിടെ മരുന്ന് കിട്ടാനും സാദ്ധ്യത സാധാരണയായി ഉണ്ടല്ലോ.

**പ്രതിരോധ കുത്തിവയ്പ് മരുന്നുകൾ**

പ്രതിരോധ കുത്തിവയ്പ് മരുന്നുകൾ ഗ്രാമമരുന്നുപെട്ടിയിൽ ഉൾപ്പെടുത്തിയിട്ടില്ല, കാരണം, അവ സാധാരണയായി ഹെൽത്ത് ഡിപ്പാർട്ടുമെന്റാണ് തരുന്നത്. എന്നിരുന്നാലും എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പുകൾ നൽകിയെന്നുറപ്പുവരുത്തുവാൻ വേണ്ടതെല്ലാം ചെയ്യണം; കുട്ടികൾ ഓരോ കുത്തിവയ്പിനും തക്കപ്രായമാകുമ്പോൾത്തന്നെ അവ നടത്തിയിരിക്കണം.



## ഗ്രാമഫാർമസിസ്റ്റിനോട് ഏതാനും വാക്കുകൾ

പ്രിയ സ്നേഹിതാ,

നിങ്ങളുടെ സ്റ്റോറിൽ നിന്ന് മരുന്നുകൾ വില്ക്കുകയാണെങ്കിൽ, ആളുകൾ നിങ്ങളോട് ഏതു മരുന്നുകളാണു വാങ്ങേണ്ടത്, അവ ഏതു രോഗങ്ങൾക്കാണുപയോഗിക്കേണ്ടത്, എത്രമാത്രമാണു കഴിക്കേണ്ടത് എന്നെല്ലാം ചോദിക്കും. നിങ്ങൾക്ക് ഒരു പ്രധാന പങ്കു വഹിക്കാനുണ്ടാകും. ആളുകളുടെ അറിവിനെയും ആരോഗ്യത്തെയും സ്വാധീനിക്കുവാൻ കഴിയും.



ശരിയായ ഉപദേശം നൽകുവാൻ നിങ്ങളുടെ ആളുകൾ ആവശ്യമുള്ള മരുന്നുകൾ മാത്രം വാങ്ങുവാൻ അവരെ സഹായിക്കുവാൻ നിങ്ങൾക്കു കഴിയും.

നിങ്ങൾക്കറിയാവുന്നതുപോലെ, ആളുകൾ തങ്ങൾക്കുള്ള അല്പമായ പണം അവർക്ക് പ്രയോജനമില്ലാത്ത മരുന്നുകൾക്കായി ചെലവാക്കുന്നു. എന്നാൽ നിങ്ങൾക്ക് അവരുടെ ആരോഗ്യത്തിന് ആവശ്യമുള്ളവ എന്തെല്ലാമെന്ന് മനസ്സിലാക്കിക്കൊടുക്കുവാനും അവരുടെ പണം കൂടുതൽ ഉപകാരപ്രദമായി ചെലവഴിക്കുവാൻ സഹായിക്കാനും കഴിയും. ഉദാഹരണമായി:

- ആളുകൾ ചുമയ്ക്കുള്ള മരുന്ന് ചോദിക്കുകയാണെങ്കിൽ, വയറിളക്കത്തിന് കായോപെക്ടെയ്റ്റ്, അനീമിയാ ഉള്ളതിന് B12 അഥവാ ലിവർ എക്സ്ട്രാക്ട് ഇങ്ങനെ ചോദിക്കുകയാണെങ്കിൽ അവരോട് ഈ മരുന്നുകളൊന്നും വേണ്ട, അവ ഉപകാരത്തെക്കാൾ ഉപദ്രവമേ ചെയുകയുള്ളൂ എന്നു പറയുകയും പകരം എന്തുചെയ്യണമെന്നു നിർദ്ദേശിക്കുകയും ചെയ്യുക.
- ആരെങ്കിലും വൈറ്റമിൻ ടോണിക്ക് വാങ്ങുവാൻ വരികയാണെങ്കിൽ, അതിനുപകരം മുട്ട, പഴങ്ങൾ, പച്ചക്കറികൾ എന്നിവ വാങ്ങുവാൻ ഉത്സാഹിപ്പിക്കുക. ഇവയ്ക്ക് കൂടുതൽ പോഷകാംശങ്ങൾ നൽകാൻ കഴിയുമെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക.

ഈ കാര്യങ്ങൾ ആളുകളോട് പറയുന്നത് എളുപ്പമാക്കുവാൻ, ഈ പുസ്തകത്തിൽ അവയെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ അവരോടൊപ്പം വായിക്കുക.

എല്ലാറ്റിലും ഉപരിയായി, പ്രയോജനമുള്ള മരുന്നുകൾ മാത്രമേ കൊടുക്കാവൂ. ലിസ്റ്റിൽപ്പെട്ട മരുന്നുകൾ വാങ്ങിയാൽ മതി, നിങ്ങളുടെ നാട്ടിൽ സാധാരണ കാണപ്പെടുന്ന രോഗങ്ങൾക്കുള്ള മരുന്നുകളും കരുതുക. വിലകുറഞ്ഞ ഇനം വാങ്ങുക. കാലാവധി കഴിഞ്ഞതോ ചീത്തയായതോ ഉപകാരമില്ലാത്തതോ ആയ മരുന്നുകൾ ഒരിക്കലും വില്ക്കരുത്.

ഗ്രാമീണർക്ക് അവരുടെ ആരോഗ്യത്തെക്കുറിച്ച് പഠിക്കാനുള്ള ഒരു സ്ഥലമായിത്തീരണം നിങ്ങളുടെ മരുന്നുകട. മരുന്നുകൾ ബുദ്ധിപൂർവ്വം ഉപയോഗിക്കുവാൻ ആളുകളെ സഹായിച്ചാൽ, മരുന്നു വാങ്ങിക്കുന്നവർക്ക് അതിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ചും, എത്രയാണ് ശരിയായ അളവെന്നും, മുൻകരുതലുകൾ, വരാൻ സാദ്ധ്യതയുള്ള അപകടങ്ങൾ ഏവയെന്നും മനസ്സിലാക്കിക്കൊടുത്താൽ നിങ്ങൾ നിങ്ങളുടെ സമൂഹത്തിന് വലുതായ ഒരു സേവനമായിരിക്കും ചെയ്യുന്നത്.

വിജയാശംസകൾ!

വിശ്വസ്തതയോടെ,



**ഡേവിഡ് വെർണർ**